കലോത്സവം

സംസ്ഥാന സ്കൂൾ കലോത്സവം 2017

വിധികർത്താവിന്റെ തിരുത്തിനെ തോൽപ്പിച്ച് കൃഷ്ണേന്ദുവിന്റെ വിജയം

വിധി 'തിരുത്തി' കൃഷ്ണേന്ദു

കണ്ണൂർ ● കഥാപ്രസംഗത്തിൽ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ച് മലപ്പുറം ആലത്തിയൂർ കെഎച്ച്എം ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനി കൃഷ്ണേന്ദു.

മലപ്പുറം ജില്ലാ കലോത്സവത്തിൽ ഹയർ സെക്കൻഡറി കഥാപ്രസംഗത്തിലെ വിജയിയായി ആദ്യം പ്രഖ്യാപിച്ചതു കൃഷ്ണേന്ദുവിനെയാണ്. പക്ഷേ, തൊട്ടുപിന്നാലെ വിധികർത്താവിന്റെ തിരുത്ത്. അബദ്ധത്തിൽ പറഞ്ഞതാണെന്നും കണക്കുകൂട്ടിയപ്പോൾ മറ്റൊരാളാണ് ഒന്നാം സ്ഥാനത്തെന്നും അടുത്ത പ്രഖ്യാപനം വന്നു. നിരാശയും ഒപ്പം ചിലരുടെ പരിഹാസവുമായപ്പോൾ അപ്പീൽ നൽകി. അങ്ങനെ സംസ്ഥാനതലത്തിലേക്കു യോഗ്യത നേടി.

ജില്ലാതലത്തിലെ 'തിരുത്തിയ' വിധി സംസ്ഥാനതലത്തിൽ തിരുത്തിയെഴുതി കൃഷ്ണേന്ദു മലപ്പുറത്തേക്കു തിരിച്ചു. കയ്യൂർ സമരത്തിന്റെ കഥയാണ്, രക്ത സാക്ഷികളിൽ ഒരാളുടെ അമ്മയുടെ അനുഭവം പ്രമേയമാക്കി കൃഷ്ണേന്ദു അവതരിപ്പിച്ചത്. മുഹമ്മദ് ഷാഹിദ്, അതുല്യ, അനഘ, ശ്രീഹരി എന്നിവരായിരുന്നു പിന്നണിയിൽ.

ഹയർ സെക്കൻഡറി കഥാപ്രസംഗത്തിൽ ഒന്നാം സ്ഥാനം നേടിയ കൃഷ്ണേന്ദുവും സംഘവും (കെഎച്ച്എം ഹയർ സെക്കൻഡറി സ്കൂൾ, ആലത്തിയൂർ, മലപ്പുറം)

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ പീലിക്കോട് ജിഎച്ച്എസ്എസിലെ പി.പി. കൃഷ്ണേന്ദു.

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ സെന്റ് തെരേസാസ് എഐഎച്ച്എസ്എസിലെ ഷെറിൻ അഡ്‌ലിൻ സന്തോഷ്.

അനുകരിക്കേണ്ടത് ഈ നാടിന്റെ മാതൃക

കണ്ണൂർ ● ഹനീഷെന്ന സൂര്യതേജസ്സിനെ മായ്ച്ചുകളയാൻ ഒരു കാർമേഘത്തിനും ആവുമായിരുന്നില്ല. സ്വന്തം പരിശ്രമം കൊണ്ടു ജില്ലയിൽ ഒന്നാമതെത്തിയ ഹനീഷിനു കൂടുതൽ മികച്ച പരിശീലനം നൽകാൻ നാട്ടിലെ ക്ലബ്ബുകാർ മുൻകയ്യെടുത്തത് ഈ വിശ്വാസം കൊണ്ടാണ്.

'ജില്ല പോലയല്ല, സംസ്ഥാനതല മത്സരം. നന്നായി ഒരുങ്ങണം'-പൂർണമനസ്സോടെ ഒപ്പം നിന്ന ആലപ്പുഴ കണിച്ചുകുളങ്ങരയിലെ കലാസാഗർ ക്ലബ്ബിലെ ചേട്ടന്മാരുടേതു കൂടിയാണ് എച്ച്എസ് വിഭാഗം മിമിക്രിയിൽ ഹനീഷ് നേടിയ ഒന്നാംസ്ഥാനം. സംസ്ഥാനതല മത്സരത്തിനു പോകുന്ന ഹനീഷിനെ സഹായിക്കണമെന്ന ആവശ്യവുമായി പ്രഫഷനൽ മിമിക്രി കലാകാരനായ ബിജുകുമാറിനെ സമീപിച്ചത് ഈ ക്ലബ്ബുകാരാണ്. ഹനീഷിന്റെ നൈസർഗിക മികവ് ഒന്നു മിനുക്കുക മാത്രമേ ചെയ്തിട്ടുള്ളുവെന്നു ബിജുകുമാർ. സംസ്ഥാന കലോത്സവത്തിലെ ഏറ്റവും ഗ്ലാമർ മൽസരത്തിൽ ചേട്ടന്മാരെ തോൽപിച്ച്, ചാരമംഗലം ജിഡിവി എച്ച്എസ്എസിലെ എട്ടാംക്ലാസുകാരനായ ഹനീഷ് ചരിത്രമെഴുതി.

സിനിമാതാരങ്ങളുടെ പിറകെ പോകാതെ, പ്രകൃതിയിൽ നിന്നു കേട്ടെടുത്ത ശബ്ദങ്ങളും ഓരോ അവസരത്തിലും അവ എങ്ങനെ മാറുന്നുവെന്നും കാണികളെ ബോധ്യപ്പെടുത്തുകയായിരുന്നു ഹനീഷ്. കയർപായ നിർമാണ തൊഴിലാളി ഹരിലാലിന്റെയും ശ്രീലതയുടെയും മകനാണ്.

ഹനീഷ് അമ്മ ശ്രീലതയോടൊപ്പം കലോത്സവ നഗരിയിൽ.

ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ അജാനൂർ ഐഎച്ച്എസ്എസിലെ ദീപ്തി പവിത്രൻ.

വാദ്യംകൊണ്ടൊരു പ്രാർഥന

● മത്സരവേദിയിലെത്തുംമുൻപു ക്ഷേത്രത്തിലെത്തി മേളം അവതരിപ്പിച്ച് എടപ്പാളിലെ കുട്ടികൾ

കണ്ണൂർ ● മേളത്തിനു വേദിയിൽ കയറും മുൻപേ അവർ തൃച്ചംബരത്തപ്പനു ചെണ്ട കൊണ്ടു പ്രണാമമർപ്പിക്കാനെത്തി. അനുഗ്രഹം തേടിയെത്തിയ വാദ്യധ്വനിയുടെ പുണ്യവുമായി പിറകെ വേദിയേറ്റം.

ഹയർ സെക്കൻഡറി വിഭാഗം ചെണ്ടമേളത്തിനെത്തിയ എടപ്പാൾ ജിഎച്ച്എസ്എസ് വിദ്യാർഥികളാണ് മത്സരത്തിനു മുൻപേ ക്ഷേത്രനടയിൽ മേളം തീർത്തത്. എടപ്പാളിൽനിന്നു കണ്ണൂരിലെത്തുമ്പോൾ താമസിക്കാൻ സൗകര്യമൊരുക്കിയത് അമ്പലത്തിനടുത്തു തുളസീതീർഥം ഓഡിറ്റോറിയത്തിലായിരുന്നു. മത്സരിക്കാൻ ഇറങ്ങുംമുൻപു ക്ഷേത്രമുറ്റത്തു കൊട്ടണമെന്നു കുട്ടികൾക്കായിരുന്നു മോഹം. അധ്യാപകർ ക്ഷേത്രം ഭാരവാഹികളോട് അനുവാദം ചോദിച്ചപ്പോൾ അവർക്കും സന്തോഷം. ക്ഷേത്രം തന്ത്രിയും ടിടികെ ദേവസ്വം ബോർഡ് പ്രസിഡന്റുമായ ഇ.പി.ഹരിജയന്തൻ നമ്പൂതിരിപ്പാട് അനുവാദവും നൽകി. പിന്നെ താളമേളം കൊണ്ടു പ്രാർഥന. 10 മിനിറ്റ് ക്ഷേത്രനടയിൽ കൊട്ടിക്കയറി സംഘം കലോത്സവ വേദിയിലെത്തി.

മൂന്നു വർഷമായി ഈ സ്കൂളിന്റെ ടീം സംസ്ഥാനതലത്തിൽ മത്സരത്തിനെത്തുന്നുണ്ട്. ഇക്കുറി ശുകപുരം ദിലീപിന്റെ മകൻ മുരളീകൃഷ്ണയുടെ നേതൃത്വത്തിലാണ് സംഘം മേളത്തിനെത്തിയത്. അച്ഛനൊപ്പം പല സ്ഥലങ്ങളിലും മേളം അവതരിപ്പിക്കാറുള്ള മുരളീകൃഷ്ണ, ഒരു മാസം മുൻപു പഞ്ചതായമ്പകയിലും പങ്കെടുത്തിരുന്നു.

തൃച്ചംബരം ക്ഷേത്രത്തിൽ മേളം അവതരിപ്പിക്കുന്ന എടപ്പാൾ ജിഎച്ച്എസ്എസ് വിദ്യാർഥികൾ.

15000 തുണിസഞ്ചികൾ

മത്സരത്തിനെത്തുന്നവർക്കും ഒഫീഷ്യലുകൾക്കും വിധികർത്താക്കൾക്കുമെല്ലാം കണ്ണൂരിന്റെ സമ്മാനമായി നൽകിയത് തുണിസഞ്ചികൾ. 15000 തുണിസഞ്ചികൾ സംഘാടകർ നേരിട്ടു സംഘടിപ്പിച്ചു. മലയാള മനോരമ അടക്കമുള്ള മറ്റു സ്ഥാപനങ്ങൾ അധിക തുണിസഞ്ചികൾ തയാറാക്കി സംഘാടക സമിതിക്കു കൈമാറി. തുണിസഞ്ചിക്കൊപ്പം ഔദ്യോഗിക ആവശ്യങ്ങൾക്കെല്ലാം ചണം കൊണ്ടുള്ള ഫയൽ ഉപയോഗിച്ചു.

5000 സ്റ്റീൽ ഗ്ലാസ്

ശുദ്ധജല വിതരണത്തിനായി സ്റ്റീൽ ഗ്ലാസുകൾ നിർബന്ധമാക്കി. വിവിധയിടങ്ങളിൽ നിന്നായി 5000 ഗ്ലാസുകളാണ് ഇതിനായി ശേഖരിച്ചത്. ഭക്ഷണശാലയിൽ ഉപയോഗിക്കുന്ന ഗ്ലാസുകൾക്കു പുറമേയാണിത്. ഇതിനു പുറമേ വെള്ളം ഒഴിച്ചു നൽകാനുള്ള ജാറുകളും വെള്ളം സൂക്ഷിക്കാൻ വലിയ സ്റ്റീൽ പാത്രങ്ങളും ശേഖരിച്ചു.

ഹരിത കലോത്സവത്തിന്റെ ഭാഗമായി തയാറാക്കിയ പേപ്പർ ബാഡ്ജ്

1000 മഷിപ്പേന

സ്കൂൾ കലോത്സവ നടത്തിപ്പിനുള്ള എല്ലാ സബ് കമ്മിറ്റികളും ഉപയോഗിച്ചതു മഷിപ്പേന. എഴുതി തീർന്നു പോയാൽ വലിച്ചെറിയുന്ന പ്ലാസ്റ്റിക് പേന മണ്ണിനു ദോഷകരമായതിനാലാണു മഷിപ്പേനയാക്കിയത്. സംഘാടകർക്കു വേണ്ടി ആയിരം മഷിപ്പേനയും അതിനു വേണ്ട മഷിക്കുപ്പികളും വാങ്ങി നൽകിയത് ഹരിത പ്രോട്ടോകോൾ കമ്മിറ്റിയാണ്.